**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **28-06-2022 - ൽ മറുപടിയ്ക്ക്**

**ബാങ്ക് വായ്പ തിരിച്ചടച്ച വ്യക്തിയെ അറസ്റ്റ് ചെയ്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. വി.എന്‍ വാസവന്‍**<br>**(സഹകരണ- രജിസ്ട്രേഷന്‍ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കില്‍ നിന്നും എടുത്ത വായ്പ പൂര്‍ണ്ണമായി തിരിച്ചടച്ചിട്ടും ബാങ്ക് നല്‍കിയ കേസ്സിന്റെ അടിസ്ഥാനത്തില്‍ വായ്പക്കാരനെ രണ്ടു വര്‍ഷത്തിനുശേഷം അറസ്റ്റ് ചെയ്തു എന്ന് പറയപ്പെടുന്ന സംഭവം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍ പെട്ടിട്ടുണ്ട്. |
| (ബി) | ഇതില്‍ വീഴ്ച വരുത്തിയവര്‍ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ പേരില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; വിശദമാക്കുമോ? | (ബി) | വായ്പ കുടിശ്ശിക ആയതിനെ തുടര്‍ന്ന് ബാങ്ക് വായ്പക്കാരനെതിരെ അന്യായം ഫയല്‍ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തില്‍ **02.02.2019** ന് എതിര്‍ കക്ഷിക്ക് സമന്‍സ് അയച്ചിട്ടുള്ളതും എതിര്‍ കക്ഷി സമന്‍സ് കൈപ്പറ്റിയിട്ടുള്ളതുമാണ്. തുടര്‍ന്ന് **30.12.2019** ല്‍ വായ്പക്കാരന്‍ ഒറ്റതവണ തീര്‍പ്പാക്കല്‍ പദ്ധതിപ്രകാരം വായ്പാ കുടിശ്ശിക തീര്‍പ്പാക്കുകയുണ്ടായി. ടി വിവരം ബാങ്ക് അഡ്വക്കേറ്റിനെ **21.01.2020** ന് തന്നെ അറിയിച്ചിരുന്നു. എന്നാല്‍ കോവിഡ് മൂലവും ഇ ഫയലിംഗ് നിര്‍ബന്ധമാക്കിയതിനാലും അഡ്വക്കേറ്റിന് കേസ് പിന്‍വലിക്കുന്നതിന് കഴിയാതെ പോയി എന്ന് അഡ്വക്കേറ്റ് അറിയിച്ചിട്ടുണ്ട്. ബാങ്കിന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടില്ല എന്ന് സംസ്ഥാന സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍